ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ബഹുമാനപ്പെട്ട മജീദിന്റെ ചോദ്യത്തിനു് കളക്ടറർക്കാണു് ലൈസൻസു് കൊടുക്കാനുള്ള അധികാരം എന്നാണു് ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറഞ്ഞതു്. എന്നാൽ കുറച്ചുദിവസം മുൻപു് നെടുമങ്ങാട്ടു വച്ചുകൂടിയ പോപ്പുലർ കമ്മറിയിൽ ഹാജരാക്കിയ റിക്കാർഡുകൾ പരിശോധിച്ചപ്പോൾ മനസ്സിലായതു് ഹോൾസെയിൽ ഷോപ്പുകളും റീട്ടെയിൽ ഷോപ്പുകളും അനുവദിക്കുന്നതു് മിനിസ്റ്റർ മാത്രമേ ആകാവൂ എന്നാണു്. സംസ്ഥാന ഗവണ്മെന്റു് അങ്ങനെ എന്തെങ്കിലും ഒഫിഷ്യൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ: ഉണ്ടോ ഇല്ലയോ എന്നു് നിശ്ചയമില്ല. പരിശോധിച്ചു പറയാം.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, ഒരു ചോദ്യംകൂടി; ഞങ്ങളുടെ മുമ്പിൽ ഹാജരാക്കിയ ഗവണ്മെന്റു് സെക്രട്ടേറിയറ്റു് പുറപ്പെടുവിച്ച ഓഡറിലെ കാര്യമാണു ഞാൻ പറയുന്നതു്. ഫയലിന്റെ നമ്പർ ഞാൻ പറയുകയില്ല. നേരത്തേ പറഞ്ഞതു് മന്ത്രി പോയിൻറു്. രണ്ടാമത്തേതു് ഈ കാര്യങ്ങൾ പോപ്പുലർ കമ്മിറിയും ജില്ലാക്കമ്മിറിയും ചർച്ചചെയ്യേണ്ട എന്നതാണു്. അങ്ങനെ വേറെ ഒരുത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ: ഉണ്ടോ ഇല്ലയോ എന്നു പരിശോധിച്ചേ മറുപടി പറയാനൊക്കൂ.

ശ്രീ. കെ. കരുണാകരൻ: മന്ത്രി കല്പന പുറപ്പെടുവിച്ച എന്നാണോ പറയുന്നതു് അതു മന്ത്രിക്കു അറിഞ്ഞുകൂടേ?

മി. സ്പീക്കർ: അതു് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ ഉണ്ടെങ്കിൽ ചോദിച്ചാൽ പ്രസക്തിയുണ്ടു്. ഇപ്പോൾ പ്രസക്തിയില്ല.

ശ്രീ. ടി. എ. മജീദ്: മഞ്ചേരിയിലെ മാക്കറിംഗ് സൊസൈറ്റി നടത്തിക്കൊണ്ടിരുന്ന ഒരു ഹോൾസെയിൽ കട സ്പ്ലിറ് ചെയ്തു് അതിന്റെ ഒരു ഭാഗമാണു് മലബാറിനു കൊടുത്തതു് എന്നുള്ളതു ശരിയാണോ?

ശ്രീ. എം. കെ. കൃഷ്ണൻ: മഞ്ചേരിയിലെ സൊസൈറ്റിക്കു് അതു നടത്താനുള്ള സമ്പത്തികശേഷിയില്ലാത്തതുകൊണ്ടാണു് സ്പ്ലിറു ചെയ്തുകൊടുത്തതു്.

ശ്രീ. ടി. എ. മജീദ്: അതു സ്പ്ലിറു ചെയ്തതു് ശരിയല്ലെന്നും അതു് അവർക്കു തന്നെ കൊടുക്കണമെന്നും നിവേദനം നടത്തിയിട്ടില്ലേ?

ശ്രീ. എം. കെ. കൃഷ്ണൻ: പരിശോധിച്ചേ പറയാൻ പറ്റൂ.

കോഴിക്കോട്ടു ജില്ലയിൽ അരിയുടെ കച്ചവടത്തിനു ലൈസൻസു്

* 40. [99] ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഹോൾസെയിൽ കച്ചവടത്തിനു ലൈസൻസു് കൊടുക്കുമ്പോൾ കോ-ഓപ്പറേറീവു് സൊസൈറ്റികൾക്കു് മുൻഗണന കൊടുക്കുമെന്ന ഗവണ്മെന്റിന്റെ പോളിസി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇങ്ങനെ ഏതെങ്കിലും കോ-ഓപ്പറേറീവു് സൊസൈറ്റിക്കു ലൈസൻസു് കൊടുത്തിട്ടുണ്ടോ;

(സി) കോഴിക്കോട്ടു ജില്ലയിൽ പുതുതായി പുത്തൂർ പേക്കു് അരിയുടെ ഹോൾസെയിൽ കച്ചവടത്തിനു് ലൈസൻസു് നൽകിയിട്ടുണ്ടു്;

(ഡി) അങ്ങനെ പുതുതായി ലൈസൻസു് കൊടുക്കാൻ പ്രത്യേക വല്ല കാരണവുമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതുതായി ലൈസൻസ് എടുത്തവരിൽ കൃത്രിമങ്ങൾ കാണിച്ചതിന്റെ പേരിൽ ഏതെങ്കിലും ലൈസൻസ് സസ്പെൻഡു ചെയ്യുകയും പിന്നീട് തിരിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ടോ?

വനവും ഹരിജനക്ഷേമവുംമന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) സൊസൈറ്റികൾക്കു മുൻഗണന കൊടുക്കാറില്ല. എന്നാൽ അവ കൂടി പരിഗണിക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) 6 പേർക്ക്.

(ഡി,ഇ) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: വയനാട്ടിലെ ഒരു കച്ചവടക്കാരൻ ആദ്യം കിട്ടിയ കൺസൈൻമെന്റു കൈമാറി താണതരത്തിലുള്ള അരി കൊടുത്തു എന്നുള്ളതിന്റെ പേരിൽ അയാളുടെ ലൈസൻസ് താൽക്കാലികമായി സസ്പെൻഡു ചെയ്യുകയും ഉടൻതന്നെ, അതായതു് ഒന്നരണ്ടു ദിവസത്തിനുള്ളിൽ ലൈസൻസ് തിരിച്ചു കൊടുക്കുകയും ചെയ്തു എന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ: വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ, ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. അഹമ്മദ്: കച്ചവടക്കാർക്ക് ലൈസൻസ് കൊടുക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റു് എന്തുനയമാണു് സ്വീകരിച്ചിട്ടുള്ളതു്?

ശ്രീ. എം. കെ. കൃഷ്ണൻ: ഹോംസെയിൽ ലൈസൻസിനെ സംബന്ധിച്ചാണു് ചോദ്യം.

ശ്രീ. വി. കുട്ടികൃഷ്ണൻനായർ: അഡീഷണലായി ഹോംസെയിൽ ലൈസൻസ് കൊടുത്തതിൽ ചില കച്ചവടക്കാർ ഹൈക്കോടതിയിൽ റിട്ടു് സമർപ്പിക്കുകയും അനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്തതിനുശേഷം അന്നു നിലവിലുണ്ടായിരുന്ന റൂളുകൾ അമെൻറു ചെയ്തിട്ടു വീണ്ടും ലൈസൻസ് കൊടുക്കാൻ പ്രത്യേകം വല്ല കാരണവുമുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ: പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. ഇ. അഹമ്മദ്: റേഷനിംഗിന്റെ കാര്യമല്ല, ഓപ്പൺ മാർക്കറ്റിൽ അരിവിൽക്കാനുള്ള ലൈസൻസിംഗിനെപ്പറ്റിയാണു് ചോദിച്ചതു്.

വനംമന്ത്രി (ശ്രീമതി കെ ആർ. ഗൗരി): ലൈസൻസിനെ സംബന്ധിച്ചാണെങ്കിൽ, ഒരു പുതിയ ലൈസൻസിംഗ് ഓർഡർ ഇഷ്യൂചെയ്തിട്ടുണ്ടു്. പുറമേ നിന്നും അരികൊണ്ടുവരാൻ സാധിക്കാതെയിരുന്ന കാലത്തും ഓപ്പൺ മാർക്കറ്റിൽ അരിലഭിക്കാതിരുന്ന കാലത്തുമാണു് അത്തരം ലൈസൻസ് കൊടുത്തിട്ടുള്ളതു്.

ശ്രീ. ഇ. അഹമ്മദ്: ഓപ്പൺ മാർക്കറ്റിൽ ഹോംസെയിൻ വ്യാപാരം നടത്തുന്നതിനുള്ള ലൈസൻസിനെപ്പറ്റിയാണു് ചോദിച്ചതു്.

ശ്രീമതി. കെ. ആർ ഗൗരി: റേഷനിംഗ് തുടങ്ങിയ സമയത്തു് വെളിയിൽ നിന്നും ഓപ്പൺ മാർക്കറ്റിൽ അരികിട്ടാതിരുന്നപ്പോഴാണു് നേരത്തെ ലൈസൻസിംഗ് ഓർഡർ ഇഷ്യൂചെയ്തതു്. പുതിയ ലൈസൻസിംഗ് ഓർഡർ ഇഷ്യൂചെയ്തുവച്ചുകൊണ്ടു് പുതുതായി ലൈസൻസ് ലഭിക്കുന്നതിനു് അപേക്ഷക്ഷണിച്ചിട്ടുണ്ടു്. അപേക്ഷകരം കിട്ടിക്കഴിഞ്ഞശേഷം ആവശ്യമുള്ള സ്ഥലങ്ങളിൽ കൊടുക്കും.

ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: പുതുതായി ലൈസൻസ് കൊടുക്കാൻ പ്രത്യേക വല്ല കാരണവുമുണ്ടോ എന്നാണു് ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഓപ്പൺ മാക്കറിൽ അരിയുടെ ലൈസൻസ് കൊടുക്കുന്ന കാര്യത്തെ പറ്റിയാണ് ബഹുമാനപ്പെട്ട അഹമ്മദ് ചോദിച്ചത്. അങ്ങിനെയാണ് ഉത്തരം പറഞ്ഞത്.

ശ്രീ. കെ. എം. മാണി : സർ, പുതുതായി ലൈസൻസ് എടുത്തവരിൽ കൃത്രിമം കാണിച്ചതിന്റെ പേരിൽ ഏതെങ്കിലും ലൈസൻസ് സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടോ എന്നുള്ള ചോദ്യം കോഴിക്കോട് ജില്ലയെമാത്രം സ്പർശിക്കുന്ന കാര്യമാണ്. അതിനു വിവരം ശേഖരിച്ചു വരുന്നു എന്നൊക്കെ അസൗകര്യമായ രീതിയിൽ മറുപടി പറയുന്നതു ശരിയാണോ?

മി. സ്പീക്കർ : വിവരം ശേഖരിച്ചു വരുന്നു എന്നു ഉത്തരം പറയുന്നതു അസൗകര്യമല്ല. That is an inference.

ശ്രീ. കെ. എം. ജോർജ് : ഇതു് പുതുതായി കൊടുത്ത ലൈസൻസിനെ സംബന്ധിച്ചാണ് ചോദ്യം. അതു് അറിയാൻ ഇത്ര വിഷമമൊന്നുമില്ല. Naturally it speaks for itself.

Written Answers

വ്യവസായ വായ്പ

* 41. [100] ശ്രീ. എ. എസ്. എൻ. നമ്പീശൻ

,, ശ്രീ. വി. വി. ദക്ഷിണാമൂർത്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങൾക്ക് ബാങ്കുകളിൽനിന്നും വായ്പയെടുക്കാൻ ഗ്യാരൻറി നൽകുകയുണ്ടായി.

(ബി) കോട്ടയം ഇലക്ട്രോ കെമിക്കൽസിനു് അപ്രകാരം ഗ്യാരൻറി കൊടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ സാമ്പത്തികവും വ്യാവസായികവും ആയ നില അപകടത്തിലാണെന്നു് വ്യവസായവകുപ്പു സെക്രട്ടറിയും ധനകാര്യ വകുപ്പു സെക്രട്ടറിയും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഈ ഗവണ്മെന്റ് ഗ്യാരൻറി നൽകിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു †

(ബി) ഉണ്ട്.

(സി) ഇല്ല.

കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറർഡൈസ് ചെയ്യുന്ന സ്ഥാപനങ്ങൾ

* 42. [103] ശ്രീ എം. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറർഡൈസ് ചെയ്യുന്നതിനു് സർക്കാർ ഉടമയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ രാജ്യത്തു് നിലവിലുള്ളതു് ;

† Appendix I

LIBRARY ARCHIVES Kerala Legislative Assembly